(ജി) റോഡ് നവീകരണത്തിനാവശ്യമായ ഭൂമി കണ്ണൂർ നഗരസഭ ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ കാലതാമസം വന്നതിനാലാണ് 2009-ൽ ഭരണാനുമതി നൽകിയ പ്രവൃത്തി 2014 വരെ ആരംഭിക്കാതിരുന്നത്. 2014 ജനുവരി മാസത്തിലാണ് ആവശ്യമായ ഭൂമി ഏറ്റെടുത്ത് കൈമാറാൻ തയ്യാറായ വിവരം നഗരസഭ അറിയിച്ചത്. 2012 ഷെഡ്യൂൾ നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് 2014-ൽ ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുവാനുള്ള കാലതാമസം ഒഴിവാക്കുന്നതിനും, ടെണ്ടർ വർദ്ധനവ് ഒഴിവാക്കുന്നതിനും വേണ്ടിയാണ് അതേ കരാറുകാരനെത്തന്നെ പ്രവൃത്തി ഏൽപ്പിച്ചത്.

മണലൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് പദ്ധതികൾ

266 (1300) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് ബിൽഡിംഗ്സ് വിഭാഗം മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ :

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏതു ഘട്ടങ്ങളിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) മണലൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.

നാട്ടിക പഴവിൽ പാലം നിർമ്മാണം

267 (1301) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ പഴവിൽ പാലം നിർമ്മാണം ആരംഭിക്കുന്നതിനും കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ :

(ബി) പാലം നിർമ്മാണത്തിന് വേണ്ടിവരുന്ന ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായോ എന്നും ഇല്ലെങ്കിൽ പ്രധാന തടസ്സങ്ങൾ എന്താണെന്നും അറിയിക്കുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly